## സെമസ്റ്റർ : ഒന്ന്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1111.1** |
| **ലാംഗ്വേജ് കോഴ്സ്** | : | **II (അഡീഷണൽ ലാംഗ്വേജ് : 1)** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## മലയാള കവിത

### പുസ്തകം : കാവ്യകൗമുദി

### (കേരളസർവകലാശാലാ പ്രസിദ്ധീകരണം)

**പഠനഫലപ്രാപ്തി**

1. മലയാളകവിതയുടെ ചരിത്രപരമായ വികാസത്തെക്കുറിച്ചുള്ള അവബോധം നേടുന്നു.
2. കാവ്യാഭിരുചിയും കാവ്യാസ്വാദന താല്പര്യവും വികസിക്കുന്നു.
3. കാവ്യഘടകങ്ങളെക്കുറിച്ചുള്ള സൂക്ഷ്മധാരണയുണ്ടാകുന്നു.
4. കവിതകളെ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള പ്രാപ്തി കൈവരിക്കുന്നു.
5. രചനാരീതികളെ താരതമ്യാത്മകമായി നിർദ്ധാരണം ചെയ്യുന്നു.
6. കവിതാനിരൂപണം തയ്യാറാക്കുന്നു.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### പ്രാചീനകവിത

**പഠനഫലപ്രാപ്തി**

1. ആദ്യകാലകവിതയുടെ സവിശേഷതകൾ വിവരിക്കാനാവുന്നു.
2. കാവ്യഭാഷയുടെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുന്നു.
3. നാടൻ പാട്ടുമാതൃകകൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തി നൽകുന്നു.
4. ആദ്യകാല കാവ്യരൂപങ്ങളെ ദൃഷ്ടാന്തപ്പെടുത്തുന്നു.
5. വ്യത്യസ്ത ഈണങ്ങളെക്കുറിച്ചു മനസ്സിലാക്കാനും ഉദാഹരണങ്ങൾ കണ്ടെത്താനും ശ്രമിക്കുന്നു.
6. ആദ്യകാലകവിതകളെ വിമർശനാത്മകമായി വിലയിരുത്തുന്നു.

കവിതയുടെ വാമൊഴി പാരമ്പര്യം- നാടൻപാട്ടുകൾ- വീരകഥാഗാനങ്ങൾ, ചരിത്രകഥാഗാനങ്ങൾ, കൃഷിപ്പാട്ടുകൾ, വിനോദഗാനങ്ങൾ- വരമൊഴിസാഹിത്യം- പ്രാചീനകൃതികളും കവികളും- കാവ്യഭാഷ-പാട്ട്, മണിപ്രവാളം സാമാന്യപരിചയം-ചെറുശ്ശേരി, കൃഷ്ണഗാഥ.

**വിശദപഠനം**

1. നാടൻപാട്ട്- ഒരു സ്വപ്നം (ഇന്നലെയേനൊരു ചൊപ്പനം കണ്ടേ...)
2. കഥാഗാനം- വടക്കൻ പാട്ട് - ഉണ്ണിയാർച്ച കൂത്ത് കാണാൻ പോയ കഥ('ആറ്റുംമണമ്മേലെ ഉണ്ണിയാർച്ച....' എന്നു തുടങ്ങി 'വേഗത്തിൽ പോകുന്നു ഉണ്ണി യാർച്ച....' വരെ)
3. ചെറുശ്ശേരി- വർഷകാലം'കൃഷ്ണഗാഥ പ്രാവൃഡ് വർണ്ണന("പാൽക്കടൽ മാനിനി തന്നുടെ.. "എന്നു തുടങ്ങി "മേഘങ്ങളെല്ലാം തളർന്നു നിന്നു" എന്നതു വരെ 70 വരി)

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)
## മധ്യകാലകവിത

**പഠനഫലപ്രാപ്തി**

1. കവിതയുടെ വികാസഘട്ടങ്ങളെ ചിട്ടപ്പെടുത്തുന്നു.
2. പ്രാചീനകവിത്രയകവിത, എഴുത്തച്ഛൻ കാവ്യഭാഷയിൽ വരുത്തിയ നവീകരണം ഇവ പാഠ്യഭാഗത്തിലൂടെ സ്പഷ്ടമാക്കാനാവുന്നു.
3. ഭക്തിപ്രസ്ഥാനം കവിതയിൽ പ്രായോഗികമായതെങ്ങനെയെന്ന് കണ്ടെത്താനാവുന്നു.
4. കിളിപ്പാട്ട് കീർത്തനസാഹിത്യം ചമ്പു തുടങ്ങിയ കാവ്യരൂപങ്ങളെ താരതമ്യാത്മകമായി വിലയിരുത്തുന്നു.
5. കവിത ചൊല്ലി വ്യത്യസ്ത ഈണങ്ങളെയും താളങ്ങളെയും അറിയുന്നു.
6. കാവ്യഭാഗങ്ങൾ ഹൃദിസ്ഥമാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.

കാവ്യഭാഷയുടെ പരിണാമം- ഭക്തിയും നവോത്ഥാനവും- എഴുത്തച്ഛൻ, കിളിപ്പാട്ടുപ്ര സ്ഥാനം- പൂന്താനം, കീർത്തനസാഹിത്യം- രാമപുരത്തുവാര്യർ, വഞ്ചിപ്പാട്ട്- കുഞ്ചൻ നമ്പ്യാർ തുള്ളൽസാഹിത്യം-കവിതയുടെ സാമൂഹികബന്ധം.

**വിശദപഠനം**

1. എഴുത്തച്ഛൻ -മഹാഭാരതം മൗസലപർവ്വം- കലികാലവർണന-34 വരി
   ("ഇനിയുള്ളകാലം......" എന്നതു മുതൽ "..........നിജനിലയപ്രാപ്തിയും" എന്നതു വരെ.
2. പൂന്താനം -ജ്ഞാനപ്പാന ("അർത്ഥാശയ്ക്കു വിരുതു......" എന്നു തുടങ്ങി "ചത്തു പോകുന്നു പാവം ശിവ ശിവ" എന്നതു വരെ)
3. മഴമംഗലം - നൈഷധം ചമ്പു- വനത്തിലെ രാത്രി ("അസ്തഗിരീശ്വര മസ്തകസീമനി" എന്നുതുടങ്ങി "നിഷസാദൈഷാമഹിതായോഷാ"എന്നതു വരെ.)

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)
## കാല്പനിക പൂർവ്വ - കാല്പനികകവിത

**പഠനഫലപ്രാപ്തി**

1. കവിതയുടെ വികാസത്തിന്റെ കൈവഴികൾ തിരയുന്നു.
2. ആധുനികകവിത്രയകവിതയുടെ പ്രധാന പ്രത്യേകതകൾ അപഗ്രഥിക്കുന്നു.
3. കവിതയുടെ ഭാവതലം, കല്പനാവൈവിധ്യം ഇവയെക്കുറിച്ച് അന്വേഷിക്കുന്നു.
4. കാല്പനിക കവിതയും ഇടപ്പള്ളിക്കവികളും മലയാളകവിതയെ സ്വാധീനിച്ചത് എങ്ങനെ യെന്ന് കണ്ടെത്തി വിവരിക്കുന്നു.

5. ആഖ്യാനകവിതയെ ഉദാഹരിക്കുന്നു.
6. കാവ്യഭാഗങ്ങൾ ഹൃദിസ്ഥമാക്കുന്നു. ഒപ്പം ചൊല്ലി രസിക്കുന്നു.
7. രചനാപരിശ്രമങ്ങളിൽ ഏർപ്പെടുന്നു.

കവിതയുടെ രൂപഭാവതലങ്ങളിൽ വന്ന മാറ്റം– കാല്പനിക പൂർവ്വ കവിത–നിയോ ക്ലാസ്സിക് പ്രവണതകൾ–കാല്പനികതയുടെ തിരനോട്ടം– ആധുനിക കവിത്രയകവികൾ– മഹാകാവ്യം, ഖണ്ഡകാവ്യം, വിലാപകാവ്യം, ഭാവഗീതം– ആഖ്യാനകവിത

**വിശദപഠനം**

1. കുമാരനാശാൻ – കരുണ 'അവസാനത്തെ വഴിയമ്പലം'– ചുടുകാടിന്റെ വർണ്ണന ("അഴകോടന്നഗരത്തിൻ..."എന്നതു മുതൽ "കിടക്കുന്നു പുതച്ചു മൂടി..." വരെ)
2 ചങ്ങമ്പുഴ – സൗന്ദര്യലഹരി
3. പി.കുഞ്ഞിരാമൻ നായർ– കാടിന്റെ മടിയിൽ
4. വൈലോപ്പിള്ളി – വിഷുക്കണി
5. ജി.ശങ്കരക്കുറുപ്പ് – പെരുന്തച്ചൻ
6. ബാലാമണിയമ്മ – കുളക്കടവിൽ

**മൊഡ്യൂൾ : നാല് (18 മണിക്കൂർ)**

**ആധുനികപൂർവ്വ – ആധുനിക–ആധുനികാനന്തര കവിത**

**പഠനഫലപ്രാപ്തി**

1. കവിത കാല്പനികതയിൽ നിന്ന് ആധുനികതയിലേക്ക് മാറുന്നത് നിർദ്ധാരണം ചെയ്യുന്നു.
2. ആധുനികതയുടെ ഭാവവും ഭാഷയും മൂല്യനിർണയത്തിനു വിധേയമാക്കുന്നു.
3. പുതിയ കാവ്യസങ്കേതങ്ങളുടെ പ്രയോഗസവിശേഷതകൾ ബോധ്യപ്പെടുന്നു.
4. സാമൂഹിക വിഷയങ്ങളെ കവിതയിൽ കോർത്തിണക്കുന്നത് സൂക്ഷ്മവിശകലനത്തിലൂടെ കണ്ടെത്തുന്നു.
5. താളാത്മകതയുടെ സൗന്ദര്യം മനസ്സിലാക്കി കവിത ചൊല്ലി രസിക്കുന്നു.
6. ആധുനികാനന്തരകവിതയുടെ അടയാളങ്ങൾ തിരിച്ചറിയുന്നു.
7. കവിതാരചനാപരിശ്രമങ്ങളിൽ ഏർപ്പെടുന്നു.

കാല്പനികതയിൽ നിന്ന് ആധുനികതയിലേക്ക്– ആധുനികതയുടെ ഭാവവും ഭാഷയും– എൻ.വി, അക്കിത്തം, എൻ.എൻ.കക്കാട്, എം,ഗോവിന്ദൻ, മാധവൻ അയ്യപ്പത്ത്, അയ്യപ്പപ്പണിക്കർ, കടമ്മനിട്ട– ആധുനികാനന്തരകവിത– കവികൾ കവിതകൾ– സൂക്ഷ്മരാഷ്ട്രീയം, ബഹുസ്വരത.

**വിശദപഠനം**

1. എൻ.വി.കൃഷ്ണവാര്യർ– മഴവില്ലും ചൂരൽവടിയും
2. സുഗതകുമാരി – പെൺകുഞ്ഞ് 90
3. അയ്യപ്പപ്പണിക്കർ – മോഷണം
4. ഡി.വിനയചന്ദ്രൻ – വിരാമം
5. മനോജ് കുറൂർ – എഴുത്ത്
6. ആര്യാംബിക – കാട്ടിലോടുന്ന തീവണ്ടി

**സഹായകഗ്രന്ഥങ്ങൾ**


1. കൈരളിയുടെ കഥ - പ്രൊഫ. എൻ. കൃഷ്ണപിള്ള
2. മലയാള കവിതാസാഹിത്യചരിത്രം - ഡോ. എം. ലീലാവതി
3. വർണ്ണരാജി - ഡോ. എം. ലീലാവതി
4. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - പ്രൊഫ. എം. അച്യുതൻ
5. മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ
6. നവോത്ഥാനാനന്തര കവിത - എസ്. രാജശേഖരൻ
7. വടക്കൻപാട്ടുകളുടെ പണിയാല - എം. ആർ. രാഘവവാര്യർ
8. ആളൊഴിഞ്ഞ അരങ്ങ് - വി. രാജകൃഷ്ണൻ
9. കടലിൽ തങ്ങിയ കാന്തഭൂമി - ഡോ. ബി. വി. ശശികുമാർ
10. ഭാവഗീതത്തിന്റെ അടയാളങ്ങൾ മലയാള കവിതയിൽ - ഡോ. ആർ. എസ്. രാജീവ്
11. പ്രതിബിംബങ്ങൾ പറയാതിരിക്കുന്നത് - ആർ. ശ്രീലതാവർമ്മ.
12. ഹരിതദർശനം ആധുനികാനന്തര മലയാളകവിതയിൽ - ഡോ. സി. ആർ. പ്രസാദ്.
13. മലയാളകവിതയിലെ ഉയർന്ന ശിരസ്സുകൾ - ഡോ. എം. എൻ. രാജൻ.
14. പ്രകടനഗാനങ്ങളുടെ ആഖ്യാന സൗന്ദര്യശാസ്ത്രം - ഡോ. എൻ.അനിൽകുമാർ
15. കടമ്മനിട്ടക്കവിത - പഠനസമാഹരണം - കെ. എസ്. രവികുമാർ.
16. പരിസ്ഥിതിക്കവിതയ്ക്കൊരാമുഖം - പി.പി.കെ. പൊതുവാൾ, ഡി.സി. ബുക്സ്.
17. കീഴാളന്റെ പ്രതിരോധതന്ത്രം - ഡോ. ഷീബ എം. കുര്യൻ.
18. കാവ്യഭാവനയുടെ സ്ത്രീപഠനങ്ങൾ - ഡോ. എ. ഷീലാകുമാരി
19. കവിതയുടെ രഥോത്സവം - ഡോ. അജയപുരം ജ്യോതിഷ് കുമാർ (എഡി.)
20. കവിതയുടെ ജീവചരിത്രം - കല്പറ്റ നാരായണൻ, മാതൃഭൂമി
21. വൈലോപ്പിള്ളി : എഴുത്തും ജീവിതവും - ഡോ. ഇ. ബാനർജി (എഡി.).
22. കവിത - ഡോ.കെ.എസ്.പ്രകാശ്
23. ആധുനികാനന്തരതയുടെ പിന്നാമ്പുറം - പി.പി.രവീന്ദ്രൻ, എൻ.ബി.എസ്.
24. കലിയും കാവ്യൗഷധവും - കെ.എം.വേണുഗോപാൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
25. ആധുനികകവിതയിലെ കലിയും ചിരിയും - പ്രസന്നരാജൻ
26. സമകാലമലയാളകവിത - എം.ബി.മനോജ്
27. വിത്തും വൃക്ഷവും - സച്ചിദാനന്ദൻ, കേരള സാഹിത്യ അക്കാദമി